## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 7754

15.07.2014-ൽ മറുപടിനൽകേണ്ടിയിരുന്നത്

### ജയിലിൽ കഴിയുന്നവരുടെ കുടുംബങ്ങൾക്ക് സംരക്ഷണം

ചോദ്യം

ശ്രീ.കെ.വി.വിജയദാസ്

മറുപടി

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| എ) കൊലപാതകങ്ങളിലും പീഡനകേസുകളിലും ശിക്ഷിച്ച് ജയിലുകളിൽ കഴിയുന്നവരുടെ കുടുംബങ്ങൾക്ക് സാമൂഹ്യനീതിയും ജീവിതസാഹചര്യങ്ങളും നൽകുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | തടവുകാരുടെ കുടുംബങ്ങൾക്ക് സാമൂഹ്യനീതിയും ജീവിതസാഹചര്യങ്ങളും ഉറപ്പാക്കുന്നതിന്റെ ഭാഗമായി രണ്ട് വർഷത്തിലധികം ശിക്ഷിക്കപ്പെട്ട് ജയിലിൽ കഴിയുന്ന എല്ലാ തടവുകാരുടെയും മക്കളുടെ ഡിഗ്രി തലം വരെയുള്ള പഠനത്തിന് സാമൂഹ്യനീതി വകുപ്പിൽ നിന്നും ധനസഹായം നൽകിവരുന്നുണ്ട്. 1-ാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ്സ് വരെയുള്ള പഠനത്തിന് പ്രതിവർഷം 6000/- രൂപയും +1 മുതൽ ഡിഗ്രി തലംവരെ പ്രതിവർഷം 12000/- രൂപ നിരക്കിലുമാണ് ധനസഹായം നൽകി വരുന്നത്. |
| ബി) തങ്ങളുടേതല്ലാത്ത കാരണത്താൽ ഇപ്രകാരം അനാഥമാക്കപ്പെടുന്ന കുടുംബങ്ങളെ സംരക്ഷിക്കുന്ന ഉത്തരവാദിത്തം കണക്കിലെടുത്ത് പുതിയ പദ്ധതിക്ക് രൂപം നൽകുമോ; | ബി) യും സി) യും | തടവുകാരുടെ കുടുംബാഗങ്ങളെ സംരക്ഷിക്കുന്നതിന്റെ ഭാഗമായി ആശ്രിതർക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനായി ധനസഹായം നൽകുന്ന ഒരു പദ്ധതി സാമൂഹ്യനീതി വകുപ്പിന്റെ പരിഗണനയിലാണ്. കുടുംബനാഥൻമാരോ കുടുംബനാഥകളോ ദീർഘകാലം ജയിൽ ശിക്ഷ അനുഭവിക്കുന്നതു മൂലം സാമ്പത്തികമായും സാമൂഹ്യമായും വെല്ലുവിളികൾ നേരിടേണ്ടിവരുന്ന നിരാലംബരായ കുടുംബാഗങ്ങളെ പുനഃരധിവസിപ്പിക്കുന്നതിനുള്ള നടപടികൾക്കും സാമൂഹ്യ നീതിവകുപ്പ് മുൻഗണന നൽകുന്നുണ്ട്. |
| സി) ഇക്കാര്യത്തിലുള്ള നയം വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ